ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 09.04.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു സ്ലോവാക്യൻ പ്രസിഡൻറ് പീറ്റർ പെല്ലെഗ്രിനിയുമായി കൂടിക്കാഴ്ച നടത്തി; മുംബൈയിൽ നടക്കാനിരിക്കുന്ന വേവ്സ് ഉച്ചകോടിയിലേക്ക് സ്ലോവാക്യയെ ക്ഷണിച്ച് രാഷ്ട്രപതി.

   **President Draupadi Murmu Meets Slovak President Peter Pellegrini; Invites Slovakia to Attend Waves Summit in Mumbai.**

2. തിരുപ്പതി - കാട്പാടി റെയിൽ പാത ഇരട്ടിപ്പിക്കലിന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം ; പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ ഉപപദ്ധതികളുടെ ആധുനികവൽക്കരണത്തിനും അനുമതി.

   **Union Cabinet Approves Doubling of Tirupati-Katpadi Railway Line; Grants Approval for Modernization of Sub-Schemes under Pradhan Mantri Krishi Sinchayee Yojana.**

3. കേരളത്തിൽ ലഹരി വ്യാപനം തടയുന്നതിന് കർമപദ്ധതി രൂപീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ; ജീവിതമാകണം ലഹരി എന്ന മുദ്രാവാക്യം ഉയർത്തി വിദ്യാർത്ഥികൾക്കിടയിൽ അവബോധ പരിപാടി സംഘടിപ്പിക്കുമെന്നും മുഖ്യമന്ത്രി.

   **CM Pinarayi Vijayan announces Action Plan to Curb Drug Abuse in Kerala; Awareness Campaign to be Held Among Students Under the Slogan ' Life Over Addiction'.**

4. റിപ്പോ നിരക്ക് 6 ശതമാനമാക്കി കുറച്ച് റിസർവ് ബാങ്ക്. സ്വർണ്ണ പണയ വായ്പകൾക്ക് പുതിയ മാർഗനിർദേശം പ്രഖ്യാപിക്കാനും **RBI** തീരുമാനം.
**RBI Cuts Repo Rate to 6%; Announces Plans to Introduce New Guidelines for Gold Loans.**
5. യുഎസിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് 84 ശതമാനം അധിക തീരുവ പ്രഖ്യാപിച്ച് ചൈന.
**China Imposes 84% Additional Tariff on Products Imported from the U.S.**

&&&&&&&&&&&&&&&&&&&

**PREZ VISIT SLOVAKIA**

പോർച്ചുഗൽ സന്ദർശനം പൂർത്തിയാക്കി സ്ലോവാക്യയിലെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സ്ലോവാക് റിപ്പബ്ലിക് പ്രസിഡൻറ് പീറ്റർ പെല്ലെഗ്രിനിയുമായി കൂടിക്കാഴ്ച നടത്തി. സ്ലൊവാക്യൻ തലസ്ഥാനമായ ബ്രാറ്റിസ്ലാവയിൽ നടന്ന പ്രതിനിധിതല ചർച്ചകളിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം, ആഗോള, പ്രാദേശിക വിഷയങ്ങൾ തുടങ്ങിയവ ചർച്ചയായി. സ്ലോവാക്യയിൽ ഇന്ത്യൻ കലയുടെയും സംസ്കാരത്തിൻറേയും ജനപ്രീതി വർദ്ധിച്ചു വരുന്നത് കണക്കിലെടുത്ത് അടുത്തമാസം ഒന്നു മുതൽ നാല് വരെ മുംബൈയിൽ നടക്കാനിരിക്കുന്ന വേവ്സ് ഉച്ചകോടിയിലേക്ക് രാഷ്ട്രപതി സ്ലോവാക്യയെ ക്ഷണിച്ചു.

&&&&&&&&&&&&&&&&&&&

**CABINET BRIEFING ( INTRO )**

ആന്ധ്രാപ്രദേശിനെയും തമിഴ്നാടിനെയും ബന്ധിപ്പിക്കുന്ന തിരുപ്പതി - പകല - കാട്പാടി റെയിൽപ്പാത ഇരട്ടിപ്പിക്കുന്നതിന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം. 1,332 കോടി രൂപ ചെലവിൽ 104 കിലോമീറ്റർ റെയിൽപ്പാതയാണ് ഇരട്ടിപ്പിക്കുക. തിരുമല വെങ്കടേശ്വര ക്ഷേത്രം സ്ഥിതി ചെയ്യുന്ന തിരുപ്പതിയിലേക്കുള്ള ഗതാഗത സൗകര്യം വർദ്ധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ ഉപ പദ്ധതിയായി കൃഷി, ജല പരിപാലനത്തിൻറെ ആധുനികവൽക്കരണത്തിനും

അംഗീകാരം നൽകിയതായി മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിച്ചു കൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

( വോയിസ്.... )

പ്രാരംഭ ഘട്ടത്തിൽ 1,600 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയിലൂടെ കൂടുതൽ വിളവ് നേടാനാകുമെന്നും 78 പദ്ധതികളിലായി 80,000 കർഷകരെ ഉൾപ്പെടുത്തുമെന്നും ശ്രീ വൈഷ്ണവ് വ്യക്തമാക്കി. ആയിരത്തി 878 കോടി രൂപയിലധികം ചെലവ് പ്രതീക്ഷിക്കുന്ന ആറ് വരി സിറക്പൂർ ബൈപാസ് നിർമ്മാണത്തിനും കേന്ദ്രാനുമതി ലഭിച്ചു.

&&&&&&&&&&&&&&&&&&&

## KERALA CABINET

കേരളത്തിൽ പോക്സോ കേസുകൾ അന്വേഷിക്കുന്നതിന് പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കാൻ മന്ത്രിസഭായോഗ തീരുമാനം. ഇതിനായി 304 തസ്തികകൾ സൃഷ്ടിക്കും. 2025-26 വർഷത്തെ കരട് മദ്യനയത്തിനും മന്ത്രിസഭ അംഗീകാരം നൽകി. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിലുൾപ്പെട്ട ഭൂരഹിതർക്കു ഭൂമി കണ്ടെത്താൻ ജില്ലാ കളക്ടർമാർക്ക് മന്ത്രി സഭ നിർദേശം നൽകി.

&&&&&&&&&&&&&&&&&&&

## WAYANAD POST OFFICE

2047 ഓടെ ഇന്ത്യയെ വികസിത രാജ്യമാക്കി മാറ്റാൻ പ്രാദേശിക വികസന പദ്ധതികൾ അനിവാര്യമാണെന്ന് കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗ്. കൽപ്പറ്റ ഹെഡ് പോസ്റ്റ് ഓഫീസിൽ വയനാട്ടിലെ പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ, മന്ത്രി OR കേളു തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&&

## CM - ANTI DRUG CAMPAIGN(INTRO)

കേരളത്തിൽ ലഹരി വ്യാപനം തടയുന്നതിന് ജനപങ്കാളിത്തത്തോടെ മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ലഹരിവിരുദ്ധ

പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് കർമ്മ പദ്ധതി രൂപീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു. ജീവിതമാകണം ലഹരി എന്ന മുദ്രാവാക്യം ഉയർത്തി കേരള പോലീസിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കിടയിൽ വിപുലമായ അവബോധ പരിപാടി സംഘടിപ്പിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ലഹരിക്കെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായി ഈ മാസം 16 ന് മത മേലധ്യക്ഷന്മാരുടെയും 17 ന് സർവകക്ഷി യോഗവും ചേരുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.
( വോയിസ്.... )

&&&&&&&&&&&&&&&&&&&

**<u>CONCLAVE - CM</u>**

മാലിന്യസംസ്കരണം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന വൃത്തി കോൺക്ലേവിന് തിരുവനന്തപുരത്ത് തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ചു. സംസ്ഥാനത്തിന്റെ മാലിന്യമുക്തം നവകേരളം ക്യാമ്പെയിൻ മികച്ച രീതിയിൽ പുരോഗമിക്കുന്നതായി മുഖ്യമന്ത്രി പറഞ്ഞു. ഈ മാസം 13 വരെ നടക്കുന്ന സമ്മേളനത്തിൽ ഇരുന്നൂറോളം വിദഗ്ദ്ധർ ആശയങ്ങൾ പങ്കുവയ്ക്കും.

&&&&&&&&&&&&&&&&&&&

**<u>XR HACKATHON PRIZE</u>**

വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിൻറെ ആഗോള ശ്രവ്യ-ദൃശ്യ വിനോദ ഉച്ചകോടിയുടെ ഭാഗമായി നടത്തിയ വേവ്സ് XR ക്രിയേറ്റർ ഹാക്കത്തോൺ മത്സരത്തിൽ തിരുവനന്തപുരം ആസ്ഥാനമായ സ്റ്റാർട്ട് അപ്പ് LumeXR വിജയികൾ. ഇമ്മേഴ്സീവ് ടൂറിസം പ്രമേയത്തിലാണ് കേരളത്തിൽ നിന്നുള്ള സംഘം വിജയികളായത്. യാത്ര ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളുടെ പ്രിവ്യൂ വിനോദസഞ്ചാരികളുടെ കണ്മുന്നിൽ എത്തിക്കുന്നതിനായി പനോരമിക് വ്യൂ, ഫോട്ടോ റിയലിസ്റ്റിക് 3ഡി സ്കാൻ, 3ഡി ഇൻ്ററാക്റ്റീവ് ടെറൈൻ, ഫോട്ടോഗ്രാമെട്രി എന്നിവ ഉൾപ്പെടുത്തി

ലൂംഎക്സ്ആർ വികസിപ്പിച്ചെടുത്ത ട്രാവൽ ഗൈഡിലൂടെയാണ് നേട്ടം സ്വന്തമാക്കിയത്.

&&&&&&&&&&&&&&&&&&&

## KATHMANDU-BIMSTEC

ബിംസ്റ്റെക് രാജ്യങ്ങളിലെ കൃഷിമന്ത്രിമാരുടെ മൂന്നാമത് മന്ത്രിതല യോഗം കാഠ്മണ്ഡുവിൽ ചേർന്നു. കാർഷിക മേഖലയിലെ വെല്ലുവിളികൾ, അംഗരാജ്യങ്ങൾ തമ്മിലുള്ള സഹകരണം തുടങ്ങിയവ ചർച്ചയായി. ഭക്ഷ്യസുരക്ഷ, സുസ്ഥിര കൃഷി എന്നിവ ഉറപ്പാക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു.

&&&&&&&&&&&&&&&&&&&

## RBI

റിപ്പോ നിരക്ക് 6 ശതമാനമാക്കി കുറച്ച് റിസർവ് ബാങ്ക്. മുംബൈയിൽ നടന്ന പണനയ അവലോകന സമിതിയോഗമാണ് അടിസ്ഥാന ബാങ്കിങ്ങ് നിരക്കുകളിൽ ഇളവുകൾ വരുത്തി പുതിയ പണനയം പ്രഖ്യാപിച്ചത്. ഇതോടെ ഭവന-വാഹന വായ്പകളുടെ പലിശ നിരക്ക് കുറയും. സ്വർണ്ണ പണയ വായ്പകൾക്ക് പുതിയ മാർഗനിർദേശം പ്രഖ്യാപിക്കാനും റിസർവ് ബാങ്ക് തീരുമാനിച്ചു. ഇതുസംബന്ധിച്ച കരട് മാർഗ്ഗനിർദ്ദേശങ്ങളിൽ പൊതുജനാഭിപ്രായം തേടുമെന്ന് ആർബി ഐ ഗവർണർ സഞ്ജയ് മൽഹോത്ര അറിയിച്ചു.

&&&&&&&&&&&&&&&&&&&

## PM - RAMASAHAY PANDEY - THIRU KUMARI

തമിഴ്നാട് കോൺഗ്രസിലെ മുതിർന്ന നേതാവ് കുമരി അനന്തന്റെയും പ്രശസ്ത നാടോടി കലാകാരൻ പത്മശ്രീ രാംസഹായ് പാണ്ഡെയുടെയും നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചിച്ചു. സമൂഹത്തിന് നൽകിയ ശ്രദ്ധേയമായ സേവനത്തിനും തമിഴ് ഭാഷയും സംസ്കാരവും ജനകീയമാക്കാൻ നടത്തിയ ശ്രമങ്ങൾക്കും കുമാരി അനന്തൻ എന്നും ഓർമ്മിക്കപ്പെടുമെന്ന് ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. രാംസഹായ് പാണ്ഡെയുടെ വിയോഗം രാജ്യത്തിന്റെ സാംസ്കാരിക

മേഖലയ്ക്ക് നികത്താനാവാത്ത നഷ്ടമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&

**IPL**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് - രാജസ്ഥാൻ റോയൽസ് പോരാട്ടം. ടോസ് നേടിയ രാജസ്ഥാൻ ഫീൽഡിങ് തിരഞ്ഞെടുത്തു.

&&&&&&&&&&&&&&&&&&&&

**CBDT - GAZETTE NOTIFICATION**

നികുതി തർക്കങ്ങൾ പരിഹരിക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച വിവാദ് സേ വിശ്വാസ് പദ്ധതി പ്രകാരം നികുതി കുടിശ്ശിക സംബന്ധിച്ച സത്യവാങ്മൂലം നൽകാനുള്ള സമയപരിധി ഈ മാസം 30 ന് അവസാനിക്കുമെന്ന് കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ്. സമയപരിധിക്കുള്ളിൽ നികുതിദായകർ നിയുക്ത അതോറിറ്റികൾക്ക് നികുതി കുടിശ്ശിക ഫയൽ ചെയ്യണമെന്ന് CBDT നിർദേശിച്ചു.

&&&&&&&&&&&&&&&&&&&&

**SENSEX + GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 379 പോയിൻറ് ഇടിഞ്ഞ് 73,847 - ലും, നിഫ്റ്റി 136 പോയിൻറ് നഷ്ടത്തിൽ 22,399 ലും വ്യാപാരം അവസാനിപ്പിച്ചു.

&&&&&&&&&&&&&&&&&&&&

**REV. US TARIFF-REACTIONS**

യുഎസിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന എല്ലാ ഉൽപ്പന്നങ്ങൾക്കും 84 ശതമാനം അധിക തീരുവ പ്രഖ്യാപിച്ച് ചൈന. നാളെ അർദ്ധരാത്രി മുതൽ പുതിയ നിരക്കുകൾ പ്രാബല്യത്തിൽ വരുമെന്ന് ചൈനീസ് ധനകാര്യ മന്ത്രാലയം അറിയിച്ചു. ചൈനീസ് ഉൽപ്പന്നങ്ങൾക്ക് 104 ശതമാനം തീരുവ ചുമത്തിയ യുഎസ് നീക്കത്തിന് പിന്നാലെയാണ് ചൈനയുടെ നടപടി. അതേസമയം, പ്രശ്നം പരിഹരിക്കുന്നതിന് അമേരിക്കയുമായി ചർച്ച നടത്താൻ തയ്യാറാണെന്നും ചൈന അറിയിച്ചു.

&&&&&&&&&&&&&&&&&&&&

## REV. DOMINICAN REPUBLIC- ROOF COLLAPSE

ഡൊമിനിക്കൻ റിപ്പബ്ലിക്കിന്റെ തലസ്ഥാനമായ സാന്റോ ഡൊമിംഗോയിൽ നിശാക്ലബ്ബിന്റെ മേൽക്കൂര തകർന്നുവീണ് 113 പേർ മരിച്ചു. 150 ലധികം പേർക്ക് പരിക്കേറ്റു. പ്രവിശ്യാ ഗവർണർ ഒക്ടാവിയോ ഡോട്ടലും മരിച്ചവരിൽ ഉൾപ്പെടുന്നു.

&&&&&&&&&&&&&&&&&&&

## REV. BIHAR-ACCIDENT

ബിഹാറിൽ മിന്നലേറ്റ് എട്ട് പേർ മരിച്ചു. നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ബെഗുസാരായി ജില്ലയിലെയും മധുബാനി ജില്ലയിലെയും വിവിധ പ്രദേശങ്ങളിലാണ് ഇടിമിന്നലേറ്റ് ആളുകൾ മരിച്ചത്.

&&&&&&&&&&&&&&&&&&&

## J and K-ENCOUNTER

ജമ്മു കാശ്മീരിലെ ഉദംപൂർ ജില്ലയിൽ സുരക്ഷാ സേനയും ഭീകരരും തമ്മിൽ ഏറ്റുമുട്ടൽ. ജില്ലയിലെ രാംനഗർ പ്രദേശത്തെ ഗ്രാമത്തിൽ ഭീകരർ ഒളിച്ചിരിക്കുന്നതായ വിവരത്തെ തുടർന്ന് പോലീസും സുരക്ഷാ സേനയും നടത്തിയ തിരച്ചിലിനിടെയാണ് ഏറ്റുമുട്ടലുണ്ടായത്. രണ്ടാഴ്ചയ്ക്കുമുൻപ് പ്രദേശത്ത് നടന്ന ഏറ്റുമുട്ടലിൽ സൈന്യം രണ്ട് ഭീകരരെ വധിച്ചിരുന്നു.

&&&&&&&&&&&&&&&&&&&

## UAE ENERGY EXHIBITION

യുഎഇ ഊർജ്ജ മന്ത്രാലയത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച 49-ാമത് മിഡിൽ ഈസ്റ്റ് എനർജി പ്രദർശന മേളയിൽ ശ്രദ്ധേയമായി ഇന്ത്യൻ കമ്പനികൾ. ദുബായ് വേൾഡ് ട്രേഡ് സെന്ററിൽ നടന്ന പരിപാടിയിൽ ഇന്ത്യയിൽ നിന്നുള്ള 45 കമ്പനികൾ പങ്കെടുത്തു. ഊർജ്ജ മേഖലയിൽ നിർമിതബുദ്ധിയുടെ ഉപയോഗം, ദീർഘകാല ആസൂത്രണം, നൂതന ബാറ്ററി അധിഷ്ഠിത സാങ്കേതികവിദ്യ തുടങ്ങിയവ മൂന്ന് ദിവസത്തെ പരിപാടിയിൽ ചർച്ചയായി.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&&&